പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5724 | 18.11.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോ വിപണനകേന്ദ്രങ്ങളിലെ സാധനങ്ങളുടെ സംഭരണം

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ വിപണന കേന്ദ്രങ്ങളിൽ കമ്മീഷൻ കൂടുതൽ കിട്ടുന്ന സാധനങ്ങൾ മാത്രം സ്റ്റോക്ക് ചെയ്യുന്ന രീതി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഇപ്പോൾ സപ്ലൈകോയ്ക്ക് കേന്ദ്രീകൃത പർച്ചേസ് ആണോ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സപ്ലൈകോയ്ക്ക് കേന്ദ്രീകൃത പർച്ചേസ് കൂടാതെ ഹെഡ് ഓഫീസ് തലത്തിൽ വാങ്ങൽ വില നിശ്ചയിച്ച് ഡിപ്പോ തലത്തിലുള്ള പർച്ചേസും നിലവിലുണ്ട്. |
| (സി) | ലോക്കൽ പർച്ചേസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഹെഡ് ഓഫീസ് തലത്തിൽ വാങ്ങൽ വില നിശ്ചയിച്ച് ലോക്കൽ പർച്ചേസ് തുടരുന്നുണ്ട്. |
| (ഡി) | വിപണിയിൽ കൂടുതൽ ഡിമാൻഡ് ഉള്ള സാധനങ്ങളും അതാത് ഏര്യകളിൽ കിട്ടുന്ന സാധനങ്ങളും വാങ്ങുന്നതിന് സ്റ്റോർ മാനേജർ മാർക്ക് അനുവാദം നൽകുമോ; വ്യക്തമാക്കാമോ; | (ഡി) | വിപണിയിൽ കൂടുതൽ ഡിമാൻറ് ഉള്ള സാധനങ്ങളും അതാത് പ്രദേശങ്ങളിൽ കിട്ടുന്ന സാധനങ്ങളും അതാത് സ്റ്റോർ മാനേജർമാരുടെ ആവശ്യാനുസരണം സപ്ലൈകോ ഹെഡ് ഓഫീസിൽ വില നിശ്ചയിച്ച് ഡിപ്പോതലത്തിൽ വാങ്ങുന്നതിന് അനുവാദം ഉണ്ട്. |
| (ഇ) | ഏറ്റവും കൂടുതൽ വിപണന ശൃംഖലയുള്ള സപ്ലൈകോ മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതി നേക്കാൾ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്കുകൾ എടുക്കുന്നതിന് അവസരം നൽകാതെ കൂടിയ വിലയ്ക്ക് സാധനങ്ങൾ സംഭരിക്കുന്നതിനെ ക്കുറിച്ച് അന്വേഷണം നടത്തുമോ; വിശദമാക്കാമോ? | (ഇ) | ഏറ്റവും കൂടുതൽ വിപണന ശൃംഖലയുള്ള സപ്ലൈകോ, മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സാധനങ്ങൾ വാങ്ങി സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ